# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIV

## (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

## (HOME AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**
**(2013-2014)**

**THIRD REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2013-2014)**

2013 ജൂൺ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th June, 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി XIV**

**(SUBJECT COMMITTEE XIV)**

**ആഭ്യന്തരകാര്യങ്ങൾ**

**(HOME AFFAIRS)**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്

(2013–2014)

THIRD REPORT
ON
THE SCRUTINY OF DEMANDS FOR GRANTS

(2013-2014)

711/2013.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി XIV

### ആഭ്യന്തരകാര്യങ്ങൾ

### (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## അവതാരിക

2013-2014 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തരകാര്യങ്ങൾ)-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2013 ഏപ്രിൽ 16, 23 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന III—നീതിന്യായ നിർവ്വഹണം

ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ

ധനാഭ്യർത്ഥന XII—പോലീസ്

ധനാഭ്യർത്ഥന XIII—ജയിലുകൾ

ധനാഭ്യർത്ഥന XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന XXIII—വാർത്താവിതരണവും പ്രചരണവും

ധനാഭ്യർത്ഥന XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ധനാഭ്യർത്ഥന XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം.

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2013 മേയ് 6-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഉമ്മൻ ചാണ്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2013 മേയ് 6.

## റിപ്പോർട്ട്

2013-2014 സാമ്പത്തിക വർഷത്തിലെ ബജറ്റിലെ ധനാഭ്യർത്ഥനകളിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ 2013 ഏപ്രിൽ 16, 23 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി സസൂക്ഷ്മം പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധികവിവരങ്ങളുടേയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥനയേയും സംബന്ധിച്ചുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു.

### ധനാഭ്യർത്ഥന നമ്പർ II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

വോട്ട് ചെയ്തത് : 391,62,03,000 രൂപ

ചാർജ് ചെയ്തത് : 116,53,02,000 രൂപ

2013—മന്ത്രിസഭ

2013-00-101-99-01-4—മന്ത്രിമാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്

വിഹിതം: 11,88,000 രൂപ

1. മുൻവർഷം 23,60,149 രൂപ ഈ ഇനത്തിൽ ചെലവ് വന്നിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 13,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2013-00-104-98—മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും പ്രതിപക്ഷനേതാവിന്റെയും ഗാർഹിക ചെലവുകൾ

വിഹിതം : 4,40,33,000 രൂപ

2. ഈ വർഷത്തെ ചെലവുകൾക്കും മുൻവർഷത്തെ ബാദ്ധ്യത തീർക്കുന്നതിനുമായി നടപ്പുവർഷത്തെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 95,80,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

വിഹിതം : 40,00,000 രൂപ

3. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2013-00-108-99—സഞ്ചാര ചെലവുകൾ

വിഹിതം : 1,60,00,000 രൂപ

4. കഴിഞ്ഞ വർഷം ചെലവായ 2,02,00,000 രൂപ ഈ സാമ്പത്തിക വർഷവും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 42,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2051-00-102-99—കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

04—യാത്രാച്ചെലവ്

വിഹിതം : 88,11,000 രൂപ

5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ പരീക്ഷാ ജോലികൾക്കായി നിയോഗിക്കപ്പെടുന്ന ജീവനക്കാർ, ഇന്റർവ്യൂ നടത്തുന്നതിനായി കമ്മീഷൻ അംഗങ്ങൾ, വിഷയ വിദഗ്ദ്ധർ തടങ്ങിയവരുടെ യാത്രാച്ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 66,00,000 രൂപ

6. കമ്മീഷന്റെ വിവിധ ജില്ലാ/മേഖലാ ഓഫീസുകൾ, ഗസ്റ്റ് ഹൗസ്, ചെയർമാന്റെ ഔദ്യോഗിക വസതി എന്നിവയുടെ വാടക ഒടുക്കുന്നതിലേക്കായി ബജറ്റ് വിഹിതമായി അനുവദിച്ച തുകയ്ക്ക് പുറമെ ഈ സാമ്പത്തികവർഷം 15,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28—തൊഴിൽപരമായ പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം (പി.പി.എസ്.എസ്.)

വിഹിതം : 6,50,00,000 രൂപ

7. വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ ഈ സാമ്പത്തികവർഷം നടത്താൻ കമ്മീഷൻ തീരുമാനിച്ചിട്ടുള്ളതായും ഈ സാഹചര്യത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 6,50,00,000 രൂപ അപര്യാപ്തമാണെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

വിഹിതം : 2,00,00,000 രൂപ

8. വിവിധ തസ്തികകളിലായി 35 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന വിവിധ പരീക്ഷകൾ, വിവിധ തസ്തികകളുടെ ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തികവർഷം നടത്താൻ

കമ്മീഷൻ തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 1,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-86—പാർലമെന്ററികാര്യ വകുപ്പ്

34—മറ്റുചെലവുകൾ

വിഹിതം : 1,01,20,000 രൂപ

അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക്

9. മന്ത്രിമാർ നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി മുതൽ മുകളിലേക്കുള്ള എല്ലാ ഓഫീസർമാർക്കും ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിനും പുതിയ അസിസ്റ്റന്റുമാർക്ക് പരിശീലനം നൽകുന്നതിനുമായി 15 ലക്ഷം രൂപയും പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഴയ നിയമസഭാ മന്ദിരത്തെ ചരിത്രസ്മാരകമാക്കി നിലനിർത്തുന്നതിനായി തുടക്കമിട്ട 'Eternal Assembly' പദ്ധതിക്കായി 50 ലക്ഷം രൂപയും മെച്ചപ്പെട്ട പാർലമെന്ററി സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി മറ്റ് രാജ്യങ്ങളുടെയും സംസ്ഥാനങ്ങളുടെ നിയമസഭകൾ, അക്കാഡമിക് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻസ്, അന്താരാഷ്ട്ര നിലവാരമുള്ള പ്രസ്ഥാനങ്ങൾ, വ്യക്തികൾ എന്നിവയുമായി മെച്ചപ്പെട്ട ആശയവിനിമയബന്ധം സ്ഥാപിക്കുന്നതിനായി വിഭാവനംചെയ്യുന്ന എക്സ്ചേയ്ഞ്ച് പ്രോഗ്രാമിനായി 50 ലക്ഷം രൂപയും പൊതുജനങ്ങളെയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള യുവതലമുറയെയും കേരളത്തിന്റെ ചരിത്ര സംഭവങ്ങളെയും ചരിത്ര പുരുഷന്മാരെയും ആചാര്യന്മാരെയും പറ്റി അവബോധമുള്ളവരാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള ഒരു ലൈറ്റ് ആന്റ് സൗണ്ട് ഷോയുടെ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ ആവശ്യമായിട്ടുള്ളതായി സമിതി മനസിലാക്കുന്നു.

10. മേൽ വിവരിച്ച ആവശ്യങ്ങൾക്കായി 165 ലക്ഷം രൂപയും പാർലമെന്ററി കാര്യവകുപ്പ് സെക്രട്ടറിയുടെ ഉപയോഗത്തിലേക്ക് ഒരു കാർ വാങ്ങുന്നതിന് 8 ലക്ഷം രൂപയും മറ്റ് ഭരണനിർവ്വഹണ ചെലവുകൾക്കായി 10 ലക്ഷം രൂപയും ചേർത്ത് ആകെ 1,83,00,000 രൂപ ആവശ്യമായതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 81,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2052-00-090-97—മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 1,13,90,000 രൂപ

11. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 2012-2013 വർഷത്തെ ചെലവ് 22,79,095 രൂപയാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ വർഷത്തെ ബജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 12,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2052-00-092-88—സംസ്ഥാന വിവരാവകാശ കമ്മീഷൻ

02—വേതനം

വിഹിതം : 30,00,000 രൂപ

12. കമ്മീഷനിലെ ഡ്രൈവർമാരുടെ ശമ്പളം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും മുൻവർഷം കമ്മീഷനിൽ 40 ലക്ഷം രൂപ വിവിധ തസ്തികകളിൽ വേതനത്തിനായി ചെലവ് വന്നിട്ടുള്ളതിനാലും നിലവിലെ ബജറ്റ് വിഹിതമായ 30 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

13. ചീഫ് ഇൻഫർമേഷൻ കമ്മീഷണറും കമ്മീഷണർമാരും ഉപയോഗിച്ചു വരുന്ന കാലപ്പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3451—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.)

3451-00-101-69—സംസ്ഥാന പരിശീലന നയം-പരിശീലന പരിപാടി

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

14. 2013-2014 വർഷത്തിലെ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിന് 1,881 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 800 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ തുക തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ഇനത്തിൽ 10,81,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3451-00-101-87—കേരള വിവര സാങ്കേതികവിദ്യ സർവ്വീസ് സൊസൈറ്റി-സഹായധനം

വിഹിതം : 50,50,00,000 രൂപ (പ്ലാൻ)

സ്റ്റേറ്റ് ഡാറ്റാ സെന്റർ കോ ബാങ്ക്, തിരുവനന്തപുരം

15. കേരള സംസ്ഥാന ഐ.ടി. മിഷൻ ആണ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രാജ്യത്ത് ആദ്യമായി ഒരു സംസ്ഥാനതല ഡാറ്റാ സെന്റർ സ്ഥാപിച്ചത്. സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ ഹോസ്റ്റ് ചെയ്യുക, അവയുടെ സർവറുകൾ കോ-ലൊക്കേറ്റ് ചെയ്യുക എന്നിവയാണ് ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. ഇതിന്റെ ആദ്യപടിയായി വിദേശ സർവറിൽ ഉണ്ടായിരുന്ന കേരള സർക്കാരിന്റെ വെബ്സൈറ്റുകൾ സംസ്ഥാന ഡാറ്റാ സെന്ററിലേക്ക് മാറ്റുകയും സംസ്ഥാനത്തിലെ വിവിധ വകുപ്പുകളുടെയായി ഏതാണ്ട് 250 വെബ് സൈറ്റുകൾ പോസ്റ്റുചെയ്യുകയും 250-ൽപ്പരം സർവറുകൾ കോ-ലൊക്കേറ്റ് ചെയ്യുകയും ചെയ്തിട്ടുള്ളതായി സമിതി മനസിലാക്കുന്നു. പ്രസ്തുത ഡാറ്റാ സെന്ററിന്റെ നടത്തിപ്പിനായി 2012-2013 വർഷത്തിൽ അനുവദിച്ച തുകയായ 300 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ അധികമായി ചെലവ് വന്നിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ III—നീതിന്യായ നിർവ്വഹണം

വോട്ട് ചെയ്തത് : 425,66,53,000 രൂപ

ചാർജ് ചെയ്തത് : 78,31,32,000 രൂപ

2014-00-102-99—ഹൈക്കോടതി

21—മോട്ടോർ വാഹനങ്ങൾ-1-വാഹനം വാങ്ങൽ (ചാർജ്ഡ് നോൺ പ്ലാൻ)

വിഹിതം : ഇല്ല

16. ഹൈക്കോടതിയിൽ പുതിയ കാറുകൾ വാങ്ങുന്നതിനും കേരള ജുഡീഷ്യൽ അക്കാദമിയിൽ ഒരു ബസ് വാങ്ങുന്നതിനുമായി മൊത്തം 62,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 3,09,14,000 രൂപ (വോട്ടഡ് നോൺ പ്ലാൻ)

17. കോടതികളിൽ തടസമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിലേക്ക് കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിന് 2,75,06,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

34—മറ്റു ചെലവുകൾ

വിഹിതം : 40,00,000 രൂപ (വോട്ടഡ് നോൺ പ്ലാൻ)

18. സബോർഡിനേറ്റ് കോടതികളിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനായി 1,09,22,000 രൂപയും ഫോട്ടോകോപ്പിയർകൾക്കായി 30,75,000 രൂപയും ന്യായാധിപൻമാരുടെ ഫർണിച്ചറിനായി 1,50,00,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറിനായി

73,62,000 രൂപയും ചേർത്ത് ആകെ 3,63,59,000 രൂപയിൽ 40 ലക്ഷം കിഴിച്ച് ബാക്കി തുക ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകൾ

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 27,19,000 രൂപ (വോട്ടഡ്-നോൺ പ്ലാൻ)

19. മോട്ടോർ അപകട നഷ്ടപരിഹാര ട്രൈബ്യൂണലുകളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 8,10,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

വിഹിതം : 6,000 രൂപ

20. സബോർഡിനേറ്റ് കോടതികളിൽ ഫർണിച്ചറിനായി 24,97,000 രൂപയും ഫോട്ടോകോപ്പിയറുകൾക്കായി 4,50,000 രൂപയും കമ്പ്യൂട്ടർ ഫർണിച്ചറിനായി 8,45,000 രൂപയും ചേർത്ത് ആകെ 37,86,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-108-99—ക്രിമിനൽ കോടതികൾ

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 1,20,68,000 രൂപ (വോട്ടഡ്-നോൺ പ്ലാൻ)

21. ക്രിമിനൽ കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 81,90,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ-1-വാഹനം വാങ്ങൽ

വിഹിതം : ഇല്ല.

22. പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്കായി മൂന്നു മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനായി 21,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

വിഹിതം : 15,00,000 രൂപ

23. ഫർണിച്ചർ, കമ്പ്യൂട്ടർ തുടങ്ങിയ ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി നടപ്പു വർഷം 1,18,74,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-114-92—സ്ഥിര ലോക് അദാലത്ത് (പി.എൽ.എ.)

വിഹിതം: 69,14,000 രൂപ

24. കോഴിക്കോട് പെർമനെന്റ് ലോക് അദാലത്ത് 2-2-2013-ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ വിവിധ കണക്കിനങ്ങളിലായി ആകെ 34,36,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-114-93—കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

25. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 2007 മോഡൽ അംബാസിഡർ കാർ അദ്ദേഹത്തിന്റെ നിയമ സേവനപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള അന്തർ ജില്ല ദൂരയാത്രകൾക്ക് അനുയോജ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതുകൊണ്ട് മെമ്പർ സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യത്തിനായി ഒരു പുതിയ കാർ വാങ്ങുന്നതിന് ഈയിനത്തിൽ 8 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

വിഹിതം : 3,86,55,000 രൂപ

26. കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 62 താലൂക്ക് ഓഫീസുകളിലെ 124 ജീവനക്കാർക്ക് ശമ്പളവും നിയമ സേവന പ്രവർത്തനങ്ങളും മീഡിയേറ്റർമാർക്കുള്ള ഫീസും നൽകുന്നത് ഈയിനത്തിൽ നിന്നാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ഇതിലേക്ക് പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2,13,45,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ളിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

21-1—വാഹനം വാങ്ങൽ

വിഹിതം : ഇല്ല

27. ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് ഔദ്യോഗിക വാഹനം നൽകുന്നതിന് അനുമതി നൽകിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ അധികമായി 90,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

വിഹിതം : 3,00,00,000 രൂപ

28. 10-8-2012 തീയതിയിലെ സ.ഉ. (കയ്യെഴുത്ത്) 173/2012/നിയമം, 12-10-2012 തീയതിയിലെ സ.ഉ. (കയ്യെഴുത്ത്) 217/2012/നിയമം എന്നീ സർക്കാർ ഉത്തരവുകളിലൂടെ ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഫീസ് 20,500 രൂപയിൽ നിന്നും 50,000 രൂപയായും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാരുടെ ഫീസ് 18,500 രൂപയിൽ നിന്നും 40,000 ആയും വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള വിഹിതം തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-114—നിയമോപദേഷ്ടാക്കൾ

99—ലാ ഓഫീസർമാർ

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

29. അഡീഷണൽ അഡ്വക്കേറ്റ് ജനറൽ 1-ന് വാഹനം വാങ്ങുന്നതിന് ഭരണാനുമതി ആയിക്കഴിഞ്ഞ സാഹചര്യത്തിൽ ഇതിലേക്കായി ആവശ്യമായി വരുന്ന തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-116-99—സർക്കാർ ഉദ്യോഗസ്ഥ തർക്ക പരിഹാര മദ്ധ്യസ്ഥ കോടതി (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ)

വിഹിതം : 4,92,74,000 രൂപ

30. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി നടപ്പുവർഷം നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 87,35,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-117-99—കുടുംബ കോടതികൾ

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 23,13,000 രൂപ (വോട്ടഡ് നോൺ പ്ലാൻ)

31. കുടുംബ കോടതികളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനായി കോടതി സമുച്ചയങ്ങളിൽ ഡീസൽ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്നതിനായി 30,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

32. പുതുതായി ആരംഭിച്ച തലശ്ശേരി, വടകര, മൂവാറ്റുപുഴ എന്നീ കോടതികളിലേക്ക് മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനും, നെടുമങ്ങാട് കുടുംബ കോടതിയിലെ പഴയ സ്വിഫ്റ്റ് കാർ കണ്ടം ചെയ്ത് പുതിയത് വാങ്ങുന്നതിനായി 28,00,000 രൂപയും കൂടാതെ 2012-13-ൽ പ്രവർത്തനം ആരംഭിച്ച ഇരിഞ്ഞാലക്കുട, ആറ്റിങ്ങൽ, ചവറ കുടുംബകോടതികളിലേയും 2013-14-ൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 6 കുടുംബകോടതികളിലേയും (ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാല, കട്ടപ്പന) ജഡ്ജിമാർക്ക് മാരുതി സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനുമായി 56,00,000 രൂപയും ആവശ്യമായതിനാൽ പ്രസ്തുത ആവശ്യങ്ങളിലേക്ക് ഈ ശീർഷകത്തിൽ ആകെ 84,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

വിഹിതം : 2,00,000 രൂപ (വോട്ടഡ് നോൺ പ്ലാൻ)

33. നിലവിലുള്ള കോടതികളുടെ ഫർണിച്ചറിനായി 45,97,000 രൂപയും 2012-13-ൽ ആരംഭിച്ച 3 കോടതികൾക്കായി ഫർണിച്ചറുകൾ വാങ്ങുന്നതിന് 23,38,000 രൂപയും കോടതികൾക്ക് ഫോട്ടോകോപ്പിയറുകളും കമ്പ്യൂട്ടർ ഫർണിച്ചറുകളും വാങ്ങുന്നതിന് യഥാക്രമം 7,50,000 രൂപയും 6,05,000 രൂപയും ആവശ്യമുണ്ട്. കൂടാതെ 2012-13-ൽ പ്രവർത്തനം ആരംഭിച്ച കുടുംബകോടതികളിലേക്കും 2013-14-ൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 6 കുടുംബകോടതികൾക്കും ഫർണിച്ചറുകൾ വാങ്ങുന്നതിന് 48,00,000 രൂപയും ഫോട്ടോകോപ്പിയറുകൾക്കായി 9,00,000 രൂപയും ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ മേൽ ആവശ്യങ്ങൾക്കായി ആകെ 1,39,90,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

വിഹിതം : 1,000 രൂപ (വോട്ടഡ് നോൺ പ്ലാൻ)

34. രാജ്യത്തെ സബോർഡിനേറ്റ് കോടതികളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായുള്ള സമഗ്ര പദ്ധതിയാണ് ഇ-കോർട്ട് പദ്ധതി. കേന്ദ്ര സർക്കാർ മുഴുവൻ ചെലവും വഹിക്കുന്ന ഈ പദ്ധതി എൻ.ഐ.സി. മുഖാന്തിരം നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ 2013-14 വർഷത്തെ നടത്തിപ്പിന് താഴെ പറയുംപ്രകാരം തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു:

| | | |
|---|---|---|
| ഡീസൽ ജനറേറ്ററുകൾ-വാങ്ങി സ്ഥാപിക്കൽ | .. | 1,25,44,000 രൂപ |
| ടെക്നിക്കൽ മാൻ പവർ വിന്യസിക്കൽ | .. | 28,15,000 രൂപ |
| ഡാറ്റാ എൻട്രി | .. | 52,35,000 രൂപ |
| സൈറ്റ് ഒരുക്കൽ/ലാൻ | .. | 20,84,000 രൂപ |
| ഹൈക്കോടതിയിലെയും ജില്ലാ കോടതികളിലെയും ടെക്നിക്കൽ മാൻ പവർ | .. | 1,13,14,000 രൂപ |

35. ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ആകെ 3,39,92,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ

36. ഇ-കോർട്ട് പദ്ധതി പ്രകാരമുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കോടതികളിൽ ഇപ്പോഴുള്ള കമ്പ്യൂട്ടറുകൾ അപര്യാപ്തമാണ്. ആയതിനാൽ സംസ്ഥാനത്തെ സബോർഡിനേറ്റ് കോടതികളിൽ 609 കമ്പ്യൂട്ടർ പ്രിന്ററുകൾ, യു.പി.എസ്. കൾ എന്നിവ വാങ്ങി സ്ഥാപിക്കുന്നതിലേക്കായി 2,67,96,000 രൂപ ആവശ്യമാകയാൽ അധികമായി 2,67,96,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-89—പതിനൊന്നാം കമ്മീഷൻ ശുപാർശയിന്മേൽ സ്ഥാപിക്കപ്പെട്ട അതിവേഗ കോടതികൾ

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

വിഹിതം : 84,36,000 രൂപ (വോട്ടഡ് നോൺ പ്ലാൻ)

37. അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാരുടെയും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും വേതനം 1-8-2012 മുതൽ 18,500 രൂപയിൽ നിന്നും 40,000 രൂപയായി ഉയർത്തിയതിന്റെ 1-8-2012 മുതലുള്ള .കുടിശ്ശിക തീർക്കുന്നതിനായി 57,19,000 (2012-13 കാലഘട്ടം) രൂപയും ഈ വർഷം വർദ്ധിപ്പിച്ച വേതനം നൽകുന്നതിലേക്കായി 98,04,000 രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കായി ആകെ 1,55,23,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-91—കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ-സഹായധനം

വിഹിതം: 4,09,68,000 രൂപ

38. 1-4-2013 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 58/2013 നിയമം പ്രകാരം കമ്മീഷന്റെ ഓഫീസ് പുതിയ വാടക കെട്ടിടത്തിലേക്ക് മാറുന്നതിന് അനുമതിയായിട്ടുള്ളതായി കാണുന്നു. ആയതിനാൽ അതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ 10,00,000 രൂപ പ്രത്യേക ധനസഹായം ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2014-00-800-93—സുപ്രീംകോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

39. കോഴിക്കോട് സ്റ്റേഷനിലേക്ക് പൂൾ വാഹനം വാങ്ങുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ വാഹനം വാങ്ങുന്നതിനായി 6,00,000 രൂപ ഈ സാമ്പത്തികവർഷം തന്നെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

വിഹിതം : 13,20,000 രൂപ

40. ഷെട്ടി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലാ ജഡ്ജിമാർക്കും അഡീഷണൽ ജില്ലാ ജഡ്ജിമാർക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1,39,69,000 രൂപയും കേരള ഹൈക്കോർട്ട് കേസ് (ലിനക്സ് വേർഷൻ) പ്രോഗ്രാം വാങ്ങുന്നതിനായി 13 ലക്ഷം രൂപയും ആവശ്യമുള്ളതായി കാണുന്നു. ആയതിലേക്കായി മൊത്തം 1,52,69,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ IV—തെരഞ്ഞെടുപ്പുകൾ

വോട്ട് ചെയ്തത് : 35,37,51,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും

വിഹിതം : 21,94,38,000 രൂപ

41. 2012-13 വർഷത്തിൽ ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക പ്രതിഫലം ഫണ്ടിന്റെ അഭാവത്തിൽ നൽകാൻ കഴിഞ്ഞില്ല. പ്രസ്തുത ബാധ്യത (6,18,15,000 രൂപ) തീർക്കുന്നതിനും നടപ്പ് സാമ്പത്തികവർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുള്ള അധിക ചെലവുകൾക്കും കൂടി തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 8,16,84,600 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2015-00-109-99—പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തെരഞ്ഞെടുപ്പ് നടത്തിപ്പ്

വിഹിതം : 3,00,00,000 രൂപ

42. ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ഇനത്തിൽ 3,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21.1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

43. കമ്മീഷനിലെ കാലപ്പഴക്കം ചെന്ന അംബാസഡർ കാർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്ന സാഹചര്യത്തിൽ കമ്മീഷന്റെ ആവശ്യത്തിലേക്ക് പുതിയ കാർ വാങ്ങേണ്ടതായുണ്ട്. എന്നാൽ 2013-2014-ലെ ബജറ്റ് എസ്റ്റിമേറ്റിൽ

മേൽശീർഷകം ഉൾപ്പെടുത്തുകയോ തുക അനുവദിക്കുകയോ ഉണ്ടായിട്ടില്ലെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ, ബജറ്റ് എസ്റ്റിമേറ്റിൽ ഈ ശീർഷകം ഉൾപ്പെടുത്തി 8,00,000 രൂപ പ്രസ്തുത ആവശ്യത്തിലേക്ക് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

വോട്ട് ചെയ്തത് : 2123,40,82,000 രൂപ

ചാർജ് ചെയ്തത് : 7,58,000 രൂപ

2055—പോലീസ്

01—ശമ്പളം

44. 2013-14 വർഷം ശമ്പള ഇനത്തിൽ 2,38,509.64 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 1,90,263.22 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 31-3-2013-ന് അവസാനിച്ച സാമ്പത്തികവർഷം ശമ്പളയിനത്തിൽ 1,56,156.76 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 1,95,934.44 ലക്ഷം രൂപ വിഹിതത്തിന് പുറമെ അധികം ചെലവ് വന്നിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട തുകയിൽ കുറവ് വരുത്തിയ 482,46,42,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

45. അപകടകരവും സാഹസികവും സമ്മർദ്ദപൂർണ്ണവുമായ പല സാഹചര്യങ്ങളിലും ജോലിയെടുക്കേണ്ടിവരുന്ന സേനാംഗങ്ങൾ പലവിധ ആരോഗ്യ പ്രശ്നങ്ങളാലും ദുരിതമനുഭവിക്കുന്നുണ്ട്. നിലവിലുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുകകൾ നൽകുന്നതിനും വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവ് കണക്കിലെടുത്തും ഈ ശീർഷകത്തിൽ 1,27,49,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

02—വേതനം

46. വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർമാർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലിനോക്കുന്ന താൽക്കാലിക ജീവനക്കാർ മുതലായവരുടെ വേതനം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. പോലീസ് റിക്രൂട്ട് ട്രെയിനിംഗുമായി ബന്ധപ്പെട്ട് ധാരാളം ക്യാമ്പ് ഫോളോവർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തടസ്സംകൂടാതെയുള്ള വേതനവിതരണം ഉറപ്പുവരുത്തുന്നതിന് 4,97,95,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

04–1—യാത്രാബത്ത

47. ട്രെയിൻ/ബസ് യാത്രാനിരക്കുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ അനുവദിച്ച ബജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്നും തീവ്രവാദ പ്രവർത്തനം തടയൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്ന വൻ കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഇന്ത്യ റിസർവ് ബറ്റാലിയന്റെ പരിശീലനം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും

പുറത്തും നിരന്തരം യാത്ര ചെയ്യേണ്ടിവരുന്നതിനാൽ യാത്രാബത്ത അനുവദിക്കുന്ന വിഹിതത്തിലും കൂടുതൽ ചെലവാകുന്നുണ്ടെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ ആവശ്യപ്പെട്ട 4,196.47 ലക്ഷം രൂപയിൽ ശേഷിക്കുന്ന 1,333.94 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05–01—വെള്ളക്കരം

48. നടപ്പുവർഷത്തെ ബജറ്റ് വിഹിതമായി 190.68 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 126.62 ലക്ഷം രൂപയാണ് ഈയിനത്തിൽ അനുവദിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തി. വെള്ളക്കരം യഥാസമയം അടയ്ക്കാതിരിക്കുന്നത് ജലവിതരണം തടയുന്നതിനും പലിശയും പിഴപ്പലിശയും ഉൾപ്പെടെ അധികതുക നൽകാനും ഇടയാക്കും. ആയതിനാൽ, ഈ ശീർഷകത്തിൽ കുറവുവന്ന 64.06 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-02—കറണ്ട് ചാർജ്

49. ഈ ശീർഷകത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്ന 852.54 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 189.84 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-03—ടെലിഫോൺ ചാർജ്

50. കൂടുതൽ പോലീസ് ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുന്നതിനായി നിലവിലെ വിഹിതത്തിനുപുറമെ 178.74 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-04—മറ്റിനങ്ങൾ

51. ഈ ശീർഷകത്തിൽ 583.98 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 521.35 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഓഫീസ് സ്റ്റേഷനറി, ഫർണീച്ചർ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ഫാക്സ്, സിറോക്സ് മെഷീൻ എന്നിവയുടെ ഉപയോഗത്തിനുള്ള സാധനങ്ങൾ മുതലായവ വാങ്ങുന്നത് ഈ ശീർഷകത്തിൽ നിന്നുള്ള പണമുപയോഗിച്ചാണ്. കൂടാതെ വാഹനങ്ങൾ, ബോട്ടുകൾ മുതലായവയുടെ ഇൻഷ്വറൻസ് തുകയുടെ ചെലവും ഇതിൽനിന്ന് വഹിക്കുന്നുണ്ട്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെ ഉപകരണങ്ങൾ വിലയേറിയവയാണ്. ഇത് പരിപാലിക്കുന്നതിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 62.63 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12—സ്കോളർഷിപ്പും സ്റ്റൈപ്പന്റും

52. ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിന് റിക്രൂട്ട്മെന്റ് കഴിഞ്ഞ് ട്രെയിനിംഗ് നടത്തുമ്പോൾ ട്രെയിനികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 5,880.29 ലക്ഷം രൂപയാണ് ചെലവായത്. നടപ്പുവർഷം ബജറ്റ് വിഹിതമായി അനുവദിച്ച 396 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ, അധികമായി 4,54,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18—കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി

53. ജില്ലാ പോലീസ് യൂണിറ്റ്, ബറ്റാലിയനുകൾ എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങളും മറ്റും യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഫണ്ടിന്റെ അഭാവത്താൽ അറ്റകുറ്റപ്പണികൾ വൈകുന്നത് കെട്ടിടങ്ങൾ ജീർണ്ണിച്ച് നശിച്ച് സർക്കാരിന് വൻനഷ്ടം ഉണ്ടാകാനിടയുണ്ട്. വസ്തുവകകൾ ചുറ്റുമതിൽ/വേലി കെട്ടി സംരക്ഷിക്കേണ്ടത് അവ അന്യാധീനപ്പെടുന്നത് തടയുന്നതിന് അത്യാവശ്യമാണ്. ആയതിനാൽ, ഈ ഇനത്തിൽ 428.95 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19—യന്ത്രോപകരണങ്ങൾ

54. പോലീസ് സേനയുടെ ആധുനികവത്കരണത്തിനായി വാങ്ങുന്ന ചില ഉപകരണങ്ങൾ കേന്ദ്രഫണ്ടിൽ നിന്നും വാങ്ങാൻ സാധിക്കാത്തതിനാൽ പരിശീലനത്തിനായുള്ള തിരകളുടെ ആവശ്യം, ആധുനിക വെടിക്കോപ്പുകൾ, പോലീസ് ആശുപത്രികളിലെ ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലാബിലേക്കുള്ള ഉപകരണങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, കൂടാതെ ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, ശബരിമല ക്ഷേത്രം എന്നിവയുടെ സുരക്ഷയ്ക്കായുള്ള ഉപകരണങ്ങൾ എന്നിവയ്ക്കെല്ലാംകൂടി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 27,57,80,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21.1—വാഹനങ്ങൾ വാങ്ങൽ

55. നടപ്പു സാമ്പത്തികവർഷം പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് 517.96 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അടുത്ത സാമ്പത്തികവർഷം പോലീസ് വകുപ്പിലെ നിരവധി വാഹനങ്ങൾ കണ്ടംചെയ്യേണ്ടതായും അതിനുപകരമായി പുതിയ വാഹനങ്ങൾ വാങ്ങേണ്ടതായുമുണ്ടെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ആകെ 917.96 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21.2—വാഹനങ്ങളുടെ അറ്റകുറ്റപ്പണി

56. വാഹനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനായി അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 111.94 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

57. ഈ ശീർഷകത്തിൽ 596.36 ലക്ഷം രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 288.71 ലക്ഷം രൂപമാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രത്യേകം ശീർഷകം ലഭ്യമല്ലാത്ത ആവശ്യങ്ങൾക്ക് ഈ ശീർഷകത്തിൽ നിന്നാണ് തുക കണ്ടെത്തുന്നത്. എന്നതിനാൽ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ട തുകയിൽ ബാക്കിയുള്ള 307.65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

58. വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയും ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വാഹനങ്ങളുടെ ഉപയോഗം വൻതോതിൽ വർദ്ധിച്ചുവരികയാണ്. തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പെട്രോളിംഗ് നടത്തുവാനായി ബോട്ടുകൾ നിരന്തരം ഉപയോഗിക്കേണ്ടതായുണ്ട്. മാത്രമല്ല ഇന്ധന വില അടിക്കടി വർദ്ധിക്കുന്നതിനാൽ നടപ്പുവർഷം ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 1,542.08 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

19—യന്ത്രോപകരണങ്ങൾ

വിഹിതം : 3,00,000 രൂപ

59. ആന്റി നക്സൽ ഓപ്പറേഷൻ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2055-00-114-99—വിവര സാങ്കേതികവിദ്യ

വിഹിതം : 1,000 രൂപ

60. പോലീസ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ്‌വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000-ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് വാങ്ങി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2055- 00-115-99—പോലീസ് സേന നവീകരിക്കുന്നതിന്

വിഹിതം : 16,50,00,000 രൂപ (പ്ലാൻ)

40,93,00,000 രൂപ (നോൺ പ്ലാൻ)

61. പോലീസ് സേനയുടെ നവീകരണത്തിനായി കഴിഞ്ഞവർഷം വകയിരുത്തിയിരുന്ന തുക ഫലപ്രദമായി ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല എന്ന കാര്യം സമിതി വിലയിരുത്തി. നടപ്പുവർഷം പ്ലാൻ ഇനത്തിൽ 42,09,00,000 രൂപയും (കേന്ദ്ര വിഹിതം 35,94,00,000 രൂപയും സംസ്ഥാന വിഹിതം 16,15,00,000 രൂപയും) നോൺ പ്ലാൻ ഇനത്തിൽ 46,09,00,000 രൂപയും (കേന്ദ്ര വിഹിതം 27,77,00,000 രൂപയും സംസ്ഥാന വിഹിതം 18,12,00,000 രൂപയും) ആയി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4055-00-207-97(01)—വൻകിട മരാമത്ത് പണികൾ

62. ശ്രീകാര്യം, കരമന, തുമ്പ, പൊൻമുടി, നെയ്യാറ്റിൻകര, എഴുകോൺ, തെന്മല, മൂഴിയാർ, പുളികീഴ്, പെരിനാട്, വിയ്യപുരം, ആരൂർ, കുറത്തിക്കാട്, കരിയിലക്കുളങ്ങര, പള്ളിക്കത്തോട്, തലയോലപറമ്പ്, ഉദയംപേരൂർ, തടിയിട്ടപറമ്പ്,

തൃത്താല, എടക്കര, കരിപ്പൂർ, വാഴക്കാട്, ചോമ്പാല, കണ്ണവം എന്നീ 24 പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിട നിർമ്മാണത്തിന് 7.2 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4055-00-800-96—പോലീസ് ആസ്ഥാനമന്ദിര നിർമ്മാണം

വിഹിതം : 1,000 രൂപ

63. കേരള പോലീസ് ആസ്ഥാനമന്ദിരം 13 നിലകളിലായി പണിപൂർത്തിയാക്കാൻ ആസൂത്രണം ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ 7 നിലകൾ പൂർത്തിയാക്കി ഫണ്ടിന്റെ അഭാവത്താൽ പണി നിർത്തിവെച്ചിരിക്കുകയാണ്. തിരുവനന്തപുരം സിറ്റിയിലുള്ള വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിൽ കൊണ്ടുവന്ന് വാടക യിനത്തിൽ വരുന്ന അധികച്ചെലവ് ഒഴിവാക്കുന്നതിനും അതുമൂലമുള്ള ഭരണപരമായ സൗകര്യവും കണക്കിലെടുത്താണ് ഈ കെട്ടിടം ആസൂത്രണം ചെയ്തിരുന്നതെന്നും എന്നാൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാതെവരികയാൽ പണി മുടങ്ങിക്കിടക്കുക യാണെന്നും 2013-14 വർഷത്തെ ബജറ്റിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂയെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഇതിന്റെ പണി ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ നടപ്പുവർഷംതന്നെ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സാങ്കേതികവിദ്യ നിലവാരം ഉയർത്തൽ**

64. ഈ പദ്ധതി പ്രകാരമുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 65 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പുതിയ സൈബർ പോലീസ് സ്റ്റേഷനുകൾ**

65. വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം പരിഗണിച്ച് സംസ്ഥാനത്ത് രണ്ട് സൈബർ പോലീസ് സ്റ്റേഷനുകൾ കൂടി ആരംഭിക്കുന്നതിനാവശ്യ മായ തുക കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കോട്ടയത്ത് എഫ്. എസ്. എൽ. സ്ഥാപിക്കൽ**

66. കോട്ടയം ആസ്ഥാനമായി ഒരു എഫ്. എസ്. എൽ. സ്ഥാപിക്കുന്നതിനായി 369.16 ലക്ഷം രൂപ നടപ്പുവർഷം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കോട്ടയം ജില്ലാ പോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം**

67. കോട്ടയം ജില്ലാപോലീസ് ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന് 3.67 കോടി രൂപ 4055-207-97-(01)—മേജർ വർക്സ് എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സ്റ്റുഡന്റ് പോലീസ് സ്കീം**

68. സംസ്ഥാന സ്കൂൾ കുട്ടികൾക്ക് ട്രാഫിക് നിയമത്തിലുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും പ്രായോഗിക പരിശീലനത്തിനും പോലീസിനെക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ മനസിലാക്കുന്നതിനുമായി ഉദ്ദേശിച്ചു നടപ്പാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് സ്കീമിനായി 2055-00-800-84 പോലീസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ 3,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ

വോട്ട് ചെയ്തത് : 75,45,60,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2056—ജയിലുകൾ

2056-00-001-99—ഭരണവും നടത്തിപ്പും-മേൽനോട്ടം

വിഹിതം : 72,95,60,000 രൂപ (നോൺ പ്ലാൻ)

69. 2012-13 സാമ്പത്തികവർഷം അലോട്ട്മെന്റിന്റെ അപര്യാപ്തതമൂലം ഏകദേശം 3 കോടി 70 ലക്ഷം രൂപയുടെ ബില്ലുകൾ പെന്റിംഗിലാണെന്നതും തടവുകാരുടെ എണ്ണത്തിലുള്ള വർദ്ധനവും മരുന്നും ചികിത്സാ ചെലവും ആഹാര സാധനങ്ങളുടെയും മറ്റ് ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന അടിക്കടി വർദ്ധനവും ഇന്ധനച്ചെലവും മറ്റും കണക്കാക്കുമ്പോൾ വകയിരുത്തപ്പെട്ട തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 6,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

വോട്ട് ചെയ്തത് : 711,11,98,000 രൂപ

ചാർജ് ചെയ്തത് : 10,000 രൂപ

2058-00-001-93—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ (പ്ലാൻ)

വിഹിതം : ഇല്ല

70. കോഴിക്കോട് മേഖലാ സ്റ്റേഷനറി ആഫീസിന് പുതിയ കെട്ടിടം പണി പൂർത്തിയാക്കുന്നതിനും വയനാട് ജില്ലാ സ്റ്റേഷനറി ആഫീസിന് വേണ്ടി കെട്ടിടം പണിയുന്നതിനും 3.65 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതിലേക്ക് ബജറ്റിൽ തുകയൊന്നുംതന്നെ വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ആവശ്യങ്ങളിലേക്ക് വകുപ്പ് ആവശ്യപ്പെട്ട 3.65 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2058-00-001-99—നടത്തിപ്പ്

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

71. വകുപ്പിന് ഒരു പുതിയ കാർ വാങ്ങുന്നതിനായി 2012-13 വർഷം 1,000 രൂപ സപ്ലിമെന്ററി ഗ്രാന്റായി അനുവദിച്ചിരുന്നുവെങ്കിലും മതിയായ തുക ലഭിക്കാത്തതിനാൽ പ്രസ്തുത തുക സറണ്ടർ ചെയ്യുകയുണ്ടായതായി സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി നടപ്പുവർഷം 10,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

19—യന്ത്രങ്ങളും ഉപകരണങ്ങളും

വിഹിതം : 12,00,000 രൂപ

72. ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ, ഇലക്ട്രോണിക് വെയിംഗ് ബാലൻസ് തുടങ്ങിയവ വാങ്ങി നൽകുന്നതിന് വിവിധ ആഫീസുകളിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്നതായി സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24—സാധന സാമഗ്രികൾ

വിഹിതം : 18,15,00,000 രൂപ

73. 2012-13 സാമ്പത്തികവർഷം പേപ്പറുകളും സ്റ്റേഷനറി സാധനങ്ങളും വാങ്ങിയ വകയിൽ വിവിധ കമ്പനികൾക്ക് ഏകദേശം 2 കോടി രൂപയുടെ കുടിശിക നൽകാനുണ്ടെന്ന് സമിതി മനസിലാക്കുന്നു. പ്രസ്തുത കുടിശിക തീർക്കാനുള്ളതിനാലും കമ്പ്യൂട്ടർ കടലാസിന്റെയും ഫോട്ടോകോപ്പിയിംഗ് പേപ്പറിന്റെയും ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും ഈ ശീർഷകത്തിൽ 18,57,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**അച്ചടി വകുപ്പ്**

2058-00-103-97—സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം പർച്ചേസ് ഓഫ് മെഷീൻ (പ്ലാൻ)

വിഹിതം : 5,50,00,000 രൂപ

74. സർക്കാർ പ്രസ്സുകളിൽ അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ ഉള്ള രണ്ടു മെഷീനുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4058-00-103-99—ഗവ. പ്രസ്സിനുവേണ്ടി കെട്ടിടം നിർമ്മിക്കൽ (പ്ലാൻ)

വിഹിതം : 2,47,76,000 രൂപ

75. അച്ചടി വകുപ്പ് ഡയറക്ടറേറ്റിന് പുതിയതായി പണിയുന്ന കെട്ടിടത്തിന്റെ ഫർണിഷിംഗിനായി 40,00,000 രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

2070-00-003-89—ഐ.എം.ജി.-യുടെ അടിസ്ഥാനസൗകര്യ വികസനം

വിഹിതം : 11,50,00,000 രൂപ

76. ഐ.എം.ജി. ബാർട്ടൻ ഹിൽ വികസനത്തിനുള്ള 6.5 കോടി രൂപയും കോഴിക്കോട് റീജിയണൽ സെന്ററിന്റെ ഹോസ്റ്റൽ പണിയാനുള്ള 5 കോടി രൂപയും ചേർത്ത് ആകെ 1,150 ലക്ഷം രൂപ ഒറ്റത്തവണ അധിക കേന്ദ്രസഹായമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ബാർട്ടൻ ഹില്ലിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 12.22 കോടിയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നതായും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും ഇതിലേക്കായി 5.90 കോടി രൂപ ഐ.എം.ജി.-യുടെ പക്കലിപ്പോൾ ഉണ്ടെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 6.5 കോടി രൂപയിൽ അധിക കേന്ദ്ര സഹായമായി ലഭിക്കേണ്ടുന്ന 30% തുക യഥാസമയം ലഭിക്കാതെ വരുന്നപക്ഷം അതുകൂടി സംസ്ഥാന ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-003-97-31—സഹായധനം-ശമ്പളം (പദ്ധതിയേതരയിനം)

വിഹിതം : 4,37,45,000 രൂപ

77. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ പദ്ധതിയേതര ചെലവുകളായ ശമ്പളം, എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന 437.45 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 912.55 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-003-99—ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം

വിഹിതം : 20,00,000 രൂപ (പ്ലാൻ)

78. ഐ. എ. എസ്. പ്രൊബേഷനേഴ്സിന്റെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എൽ.ബി.എസ്.എൻ.എ.എ., സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐ.എം.ജി. എന്നീ സ്ഥാപനങ്ങൾക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ചുള്ള തുക അനുവദിക്കേണ്ടതുണ്ടെന്നും ഈ വർഷം ആറ് ഐ.എ.എസ്. ഉദ്യോഗസ്ഥരെ കേരളത്തിന് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള ചെലവുകൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ അധികമായി 16,50,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**വിജിലൻസ് വകുപ്പ്**

2070-00-104-99—വിജിലൻസ്

04-4—അവധി യാത്രാനുകൂല്യം

വിഹിതം : 5,02,000 രൂപ

79. അവധി യാത്രാനുകൂല്യം ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 10,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 39,68,000 രൂപ

80. വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും കൂടാതെ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും കൂടി കുടിശികയായിട്ടുള്ള 10 ലക്ഷത്തോളം രൂപയുടെ ബില്ലുകൾ മാറി നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 30,00,000 രൂപ

81. 2013-14 സാമ്പത്തിക വർഷത്തേക്കുള്ള വിഹിതമായ 30,00,000 രൂപ തികച്ചും അപര്യാപ്തമാണ്. സ്പെഷ്യൽ സെൽ എറണാകുളം, പത്തനംതിട്ട, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ കുടിശിക ഇനത്തിൽ 15,00,000 രൂപ നൽകാനുണ്ട്. ആയതിനാൽ 2013-14 വർഷത്തിൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

വിഹിതം : 2,36,000 രൂപ

82. ഐ.എം.ജി.-യുടെ 7-3-2013-ാം തീയതിയിലെ 1961/FA1/2012/IMG നമ്പർ കത്ത് പ്രകാരം 8,55,084 രൂപ നൽകാനുള്ളതിനാലും, State Whistle Blower Protection Policy പ്രകാരം നടപ്പിലാക്കുന്ന പരിപാടികൾക്ക് 2013-14 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന 2,36,000 രൂപ പര്യാപ്തമല്ലാത്തതിനാലും 10,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21—മോട്ടോർ വാഹനങ്ങൾ

വിഹിതം : 25,00,000 രൂപ

83. അന്വേഷണ ഉദ്യോഗസ്ഥർക്ക് യാത്രാസൗകര്യം നൽകുന്നതിലേക്ക് വകുപ്പിൽ 56 വാഹനങ്ങൾ വാങ്ങേണ്ടത് അത്യാവശ്യമാണ്. 2013-14 സാമ്പത്തിക വർഷത്തെ ബജറ്റിൽ വാഹനം വാങ്ങൽ എന്ന ശീർഷകം ഉൾപ്പെടുത്തുകയോ ഇതിൽ

തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 2070-00-104-99-21-1 എന്ന ശീർഷകം ഉൾപ്പെടുത്തി അതിൽ 2.98 കോടി രൂപ ഈ ആവശ്യത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

84. വിജിലൻസ് വകുപ്പിന്റെ കണക്കിനങ്ങൾ നിലവിൽ 'സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും' എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥന യിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിജിലൻസിന്റെ കണക്കിനങ്ങൾക്ക് ഒരു പ്രത്യേക ധനാഭ്യർത്ഥന നമ്പർ അനുവദിക്കാൻ ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-105-37—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

06—വാടക, കരം, നികുതി

വിഹിതം : 1,20,000 രൂപ (നോൺ പ്ലാൻ)

85. 13-12-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 3646/2012/ആഭ്യന്തരം പ്രകാരം അനുവദിച്ച ജഡ്ജിയുടെ ഔദ്യോഗിക വസതിയുടെ വാടക നൽകുന്നതിലേക്ക് 1,64,000 രൂപ ഈ ശീർഷകത്തിൽ കൂടുതലായി ആവശ്യമായി വരുമെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ 1,64,000 രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-105-55—കേരള ലോകായുക്ത, 1998

05-4—മറ്റിനങ്ങൾ

വിഹിതം : 4,77,000 രൂപ

86. പുതുതായി സ്ഥാനമേൽക്കുന്ന ലോകായുക്ത, ഉപലോകായുക്ത എന്നിവർക്ക് ഔദ്യോഗിക വസതികൾ നവീകരിക്കുന്നതിനായി നിയമപ്രകാരം 4 ലക്ഷം രൂപയും 3 ലക്ഷം രൂപയും യഥാക്രമം നൽകേണ്ടതുണ്ട്. കൂടാതെ ലോകായുക്തയുടെയും ഒരു ഉപലോകായുക്തയുടെയും ഓഫീസ് മുറികളിൽ 2001-ൽ സ്ഥാപിച്ച ശീതീകരണ യന്ത്രങ്ങളുടെ കാലാവധി കഴിഞ്ഞതിനാൽ ആയവ മാറ്റി സ്ഥാപിക്കുന്നതിനായി 3,25,000 രൂപയുടെയും ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ചെലവുകൾക്കായി ആകെ 10,25,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

വിഹിതം : 20,000 രൂപ

87. 2013-2014 വർഷത്തേക്ക് 6,00,000 രൂപ ആവശ്യപ്പെട്ടതിൽ 20,000 മാത്രമേ അനുവദിച്ചിട്ടുള്ളൂ. 29-11-2012-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.) നമ്പർ 202/2012/ വി.ജി. പ്രകാരം അഡ്വക്കേറ്റ് ശ്രീമതി രേണു, ഡി.പി.-യെ ഹൈക്കോടതിയിൽ ലോകായുക്തയുടെ സ്റ്റാന്റിംഗ് കൗൺസിലായി കേരള ലോകായുക്ത സീനിയർ ഗവൺമെന്റ് പ്ലീഡർമാരുടെ നിബന്ധനകൾക്ക് [ജി.ഒ.(പി) നമ്പർ 109/2000/വിജി. തീയതി 5-12-2000] വിധേയമായി നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും പ്രതിഫലം

9-1-2013 മുതൽ പ്രതിമാസം 35,000 രൂപയായി നിജപ്പെടുത്തിയിട്ടുള്ളതുമാണെന്ന് സമിതി മനസിലാക്കുന്നു. ഈ സാഹചര്യത്തിൽ 4,20,000 രൂപ കൂടി "34-മറ്റ് ചെലവുകൾ" ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-105-88—സ്പെഷ്യൽ ജഡ്ജികൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം

99—വിവരസാങ്കേതിക വിദ്യ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

88. ഈ ഇനത്തിൽ 1,00,000 രൂപ ആവശ്യപ്പെട്ടെങ്കിലും 1,000 രൂപ മാത്രമണ് അനുവദിച്ചത്. കമ്പ്യൂട്ടറുകളുടെ വാർഷിക റിപ്പയറിംഗിനും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനുമായി അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അധികമായി 99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-105-99—വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം

01-3—വീട്ടുവാടക അലവൻസ്

വിഹിതം : 1,48,000 രൂപ (നോൺ പ്ലാൻ)

89. വഞ്ചിയൂർ ജില്ലാ കോടതി സമുച്ചയത്തിൽ പ്രവർത്തിച്ചുവന്നിരുന്ന വിജിലൻസ് ട്രൈബ്യൂണൽ ഓഫീസ് സർക്കാർ നിർദ്ദേശപ്രകാരം, വാടകയ്ക്ക് എടുത്ത തിരുവനന്തപുരത്ത് തൈക്കാടുള്ള റ്റി.സി. 24/3577(1) എന്ന കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആയതിലേക്ക് വരുന്ന വാടക പ്രതിമാസം 32,000 രൂപ ക്രമത്തിൽ 2012 ഡിസംബർ മാസം മുതൽ കൊടുത്തുതീർക്കാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-107-99—ഹോം ഗാർഡ്സ്

വിഹിതം: 27,08,00,000 രൂപ (നോൺ പ്ലാൻ)

90. പോലീസിനേയും അഗ്നിശമനസേനയേയും സഹായിക്കുന്ന ഹോംഗാർഡുകളുടെ ഇപ്പോഴത്തെ ദിവസവേതനം 350 രൂപയാണ്. ഇതിലേക്ക് നിലവിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. മാത്രമല്ല ഇവരുടെ എണ്ണം മൂവായിരത്തിൽ നിന്നും അയ്യായിരമായി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ അധികമായി ഈ സാമ്പത്തിക വർഷം 12,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-90—ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നി പ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

വിഹിതം : ഇല്ല (പ്ലാൻ)

91. കേന്ദ്ര സർക്കാർ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 17,73,19,000 രൂപ അനുവദിച്ചതിൽ 4,05,74,775 രൂപയും

2012-13 സാമ്പത്തിക വർഷത്തിൽ 5,00,00,000 രൂപ അനുവദിച്ചതിൽ 20,03,750 രൂപയും ചെലവഴിച്ചതായും എന്നാൽ ഭരണപരമായ കാലതാമസംമൂലം അനുവദിച്ച തുക മുഴുവനായും ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഇതിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത തുക 2013-14 വർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-92—അഗ്നിശമനവും അടിയന്തിര സർവ്വീസുകളേയും ശക്തിപ്പെടുത്തൽ (75% സെൻട്രലി സ്പോൺസേർഡ് സ്കീം)

വിഹിതം : ഇല്ല

92. കേന്ദ്ര സർക്കാർ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ രാജ്യത്തെ അഗ്നിശമനസേനയേയും അടിയന്തര സർവ്വീസുകളേയും ശക്തിപ്പെടുത്തുന്നതിനായി 200 കോടി രൂപ അനുവദിച്ചതിൽ കേരളത്തിന് വിഹിതമായി 3,32,50,000 രൂപ ലഭിക്കുകയുണ്ടായെന്നും ഈ പദ്ധതിക്കായി 2010-11 സാമ്പത്തിക വർഷം 14,27,046 രൂപയും 2011-12 സാമ്പത്തിക വർഷം 52,32,503 രൂപയും ചെലവഴിച്ചു എന്നും എന്നാൽ 2012-13 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 2,63,67,000 രൂപ അനുവദിച്ചെങ്കിലും ഭരണപരമായ കാലതാമസംമൂലം തുക ചെലവഴിക്കുന്നതിന് വകുപ്പിന് കഴിഞ്ഞില്ല എന്നും സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയുടെ തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 2,63,67,000 രൂപ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-94—അഗ്നിശമന സേനാ വകുപ്പിന്റെ നവീകരണം

വിഹിതം : 1,10,00,000 രൂപ (പ്ലാൻ)

1,000 രൂപ (നോൺ പ്ലാൻ)

93. പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ യഥാക്രമം 222,25,00,000 രൂപയും 2,00,00,000 രൂപയും ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടെങ്കിലും 1,10,00,000 രൂപയും 1,000 രൂപയും മാത്രമേ വകയിരുത്തിയിട്ടുള്ളു എന്ന് സമിതി മനസ്സിലാക്കുന്നു. മനില റോപ്പ്, ഫോം കോമ്പൗണ്ട് മുതലായ അഗ്നി പ്രതിരോധത്തിനും രക്ഷാപ്രവർത്തനത്തിനും ഉപയോഗിക്കുന്ന അവശ്യസാധനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 221,15,00,000 രൂപ പ്ലാൻ ഇനത്തിലും 2,00,00,000 രൂപ നോൺ പ്ലാൻ ഇനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-96—മറ്റ് ചെലവുകൾ

വിഹിതം : 2,10,000 രൂപ (നോൺ പ്ലാൻ)

94. 96-മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നിവയ്ക്കാണ് തുക വകയിരുത്തുന്നത്. ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം നൽകുന്നതിന് 10,00,000 രൂപ

നിർദ്ദേശിച്ചിരുന്നെങ്കിലും 1,00,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 5,00,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-97—പരിശീലനം

വിഹിതം : 89,62,000 രൂപ (നോൺ പ്ലാൻ)

95. ഈ ശീർഷകത്തിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ പ്രവർത്തനത്തിനുള്ള തുകയാണ് വകയിരുത്തുന്നത്. ഈ ശീർഷകത്തിൻകീഴിൽ വരുന്ന ചില കണക്കിനങ്ങളിൽ 2013-14 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അക്കാഡമിയുടെ സുഗമമായ പ്രവർത്തനത്തിനായി വിവിധ ഇനങ്ങളിലായി 43,75,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും-ജില്ലാ ജീവനക്കാർ

വിഹിതം : 118,87,89,000 രൂപ (നോൺ പ്ലാൻ)

96. നടപ്പുവർഷത്തെ ചെലവുകൾ വഹിക്കുന്നതിലേക്ക് അനുവദിക്കപ്പെട്ട തുക പര്യാപ്തമല്ലാത്തതിനാൽ 1,58,65,000 രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-108-99—അഗ്നി പ്രതിരോധവും നിയന്ത്രണവും ഭരണ നടത്തിപ്പും

05-4—മറ്റിനങ്ങൾ

വിഹിതം : 23,13,000 രൂപ (നോൺ പ്ലാൻ)

97. സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിന് വേണ്ട സാധനങ്ങൾ വാങ്ങുന്നതിനും മതിയായ തുക ലഭ്യമാക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. യൂണിഫോം സാധനങ്ങൾ വാങ്ങി നൽകേണ്ടതും ജീവനക്കാരന്റെ സുരക്ഷ ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ ബാദ്ധ്യതയായതിനാൽ ഈ ശീർഷകത്തിൽ അധികമായി 1,17,85,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : ഇല്ല

98. രക്ഷാപ്രവർത്തനം നടത്തുന്നതിന് ആധുനിക വാഹനങ്ങളുടെയും യന്ത്ര സാമഗ്രികളുടെയും ആവശ്യമുണ്ട്. എന്നാൽ ഇതിലേക്ക് മതിയായ ഫണ്ട് അനുവദിക്കാതെ കഴിഞ്ഞ കുറെ വർഷമായി ടോക്കൺ പ്രൊവിഷൻ മാത്രമാണ് വയ്ക്കാറുള്ളതെന്നും 2013-14 സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. വാഹനങ്ങളുടെയും യന്ത്ര സാമഗ്രികളുടെയും അഭാവത്തിൽ ഈ സേവനമേഖലയുടെ പ്രവർത്തനശേഷി കുറഞ്ഞു വരാൻ ഇടയാകുമെന്നതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 106,31,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം: ഇല്ല

99. ഔദ്യോഗികഭാഷ വകുപ്പു സെക്രട്ടറിക്ക് ഒരു പുതിയ കാർ വാങ്ങുന്നതിലേക്കായി 12,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റ് ചെലവുകൾ

വിഹിതം : 1,31,000 രൂപ

100. ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി സാംസ്കാരിക പരിപാടികൾ, ഭരണഭാഷാ പരിശീലനം, മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം എന്നിവ സംസ്ഥാനത്തെ മുഴുവൻ ജീവനക്കാർക്കും ലഭ്യമാക്കൽ, ഭരണഭാഷാ സഹായ ഗ്രന്ഥങ്ങൾ വാങ്ങി സംസ്ഥാനതല ഓഫീസുകൾ, ജില്ലാതല ഓഫീസുകൾ, ജില്ലാ കലക്ടറേറ്റ് തുടങ്ങിയ ഓഫീസുകളിൽ വിതരണം ചെയ്യൽ, ഭരണഭാഷാ വർഷാചരണത്തിന്റെ ഭാഗമായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭരണഭാഷാ സംബന്ധമായ ലഘുലേഖകൾ, പുസ്തകങ്ങൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്യൽ, ഭരണഭാഷാ വർഷാചരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയവ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

101. 2012-13 വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചത് 27,28,000 രൂപയാണെന്നും പ്രസ്തുത തുകയിൽ 26,36,308 രൂപ ചെലവായിട്ടുണ്ടെന്നും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 1,31,000 രൂപ തികച്ചും അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി ഇതു സംബന്ധിച്ച തുടർ പരിപാടികൾ നടപ്പിലാക്കുന്നതിലേക്കായി 1 കോടി 50 ലക്ഷം രൂപ കൂടി നടപ്പുവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

വോട്ട് ചെയ്തത് : 67,32,70,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2220-01-001-97—സൂക്ഷ്മപരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണവും നവീകരണവും

വിഹിതം : 25,00,000 രൂപ (പ്ലാൻ)

102. ന്യൂസ് ചാനലുകൾ, വെബ് പോർട്ടലുകൾ എന്നിവയിൽ സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വരുന്ന വാർത്തകൾ കൂടി യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ ടി.വി. ചാനലുകളിലെ വാർത്തകളും മറ്റ് പരിപാടികളും യഥാസമയം റെക്കോർഡ് ചെയ്ത് തുടർ നടപടിക്കായി സർക്കാരിന് സമർപ്പിക്കുന്നതിനുള്ള പദ്ധതി പുറമേയുള്ള ഏജൻസികളുടെ സഹായത്തോടെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്ന് സമിതി മനസ്സിലാക്കുന്നു. അന്തിമ ഘട്ടത്തിലെത്തിയ പദ്ധതികൾ പൂർത്തിയാക്കുന്നതിനും ഡിജിറ്റൽ ആർക്കൈവ് സ്ഥാപിക്കുന്നതിനും നടപ്പുസാമ്പത്തികവർഷം 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

വിഹിതം : 9,00,00,000 രൂപ (നോൺ പ്ലാൻ)

103. നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 20 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-101-99—പ്രദർശന പരസ്യം

വിഹിതം : 10,00,00,000 രൂപ (നോൺ പ്ലാൻ)

104. മാധ്യമ പ്രവർത്തകരേയും സ്ഥാപനങ്ങളേയും ബന്ധപ്പെട്ടുള്ള എല്ലാ നടപടികളും ഇ-ഗവേർണൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് പദ്ധതി തയ്യാറാക്കി വരികയാണ്. പരസ്യം നൽകൽ, പരസ്യത്തുക അനുവദിക്കൽ, പെൻഷൻ തുടങ്ങിയവ ഈ പദ്ധതിയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നു. തുക വിതരണത്തിന് ഇ-ബാങ്കിംഗ് നടപ്പാക്കുന്നതിനും നിർദ്ദേശമുണ്ട്. ഈ പദ്ധതി നടപ്പിലാകുന്നതോടെ മാധ്യമങ്ങളുമായും പ്രവർത്തകരുമായുള്ള എല്ലാ ഇടപാടുകളിലും വേഗതയും കൃത്യതയും ഉറപ്പാക്കാവുന്നതാണെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടു.

105. ഈ സാഹചര്യത്തിൽ പരസ്യക്കൂലി നൽകുന്നതിന് 5 കോടി രൂപയും പരസ്യവിഭാഗം ആധുനികവത്ക്കരിക്കുന്നതിന് 50 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-106-95—വീഡിയോവാൾ നെറ്റ് വർക്ക്

വിഹിതം : 50,00,000 രൂപ (പ്ലാൻ)

106. സർക്കാരിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച പരസ്യങ്ങളും, ലഘുചിത്രങ്ങളും, പൊതുജനങ്ങൾ അറിയേണ്ട വിവരങ്ങളും യഥാസമയം ജനങ്ങളിലെത്തിക്കുന്നതിന് പതിനാല് ജില്ലാ ആസ്ഥാനങ്ങളിലും വീഡിയോവാൾ (എൽ. ഇ. ഡി. ഡിസ്പ്ലേ സ്ക്രീൻ) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വീഡിയോവാൾ സംവിധാനങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 400 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-106-98—പ്രദർശനം

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

107. ജില്ലകളിലും തലസ്ഥാനത്തും വികസന സംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം, ന്യൂഡൽഹിയിൽ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിൽ ടാബ്ളോ അവതരണം തുടങ്ങിയവയ്ക്കാണ് ഈ ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നത്. 2013-14 സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-109-98—വീഡിയോ പ്രചരണം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

108. വകുപ്പിന്റെ കൈവശമുള്ളതും ഭാവിയിൽ ലഭ്യമാകുന്നതുമായ അപൂർവ്വമായ വീഡിയോ ശേഖരം ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടതും പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും മന്ത്രിമാർക്കും ആവശ്യാനുസരണം എത്രയും വേഗത്തിൽ വീഡിയോ ഫൂട്ടേജുകൾ ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് വഴി വീഡിയോ നൽകാനും വീഡിയോ സെർച്ചിംഗ് ഏർപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു. ഇതിനോടകം തന്നെ ഇതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ പദ്ധതി എത്രയും വേഗം നടപ്പാക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-109-99—ഫോട്ടോ പ്രചരണം

വിഹിതം : ഇല്ല

109. ജില്ലാ ഓഫീസുകളിലെ കരാർ ഫോട്ടോഗ്രാഫർമാർക്കും വകുപ്പിന്റെ ആസ്ഥാനത്ത് ഫോട്ടോഗ്രാഫി ആവശ്യങ്ങൾക്കും 2013-14 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഫോട്ടോഗ്രാഫി വിഭാഗത്തിലെ ആർക്കൈവ്സ് വിഭാഗത്തിന്റെ ശാക്തീകരണത്തിനുള്ള നടപടികളും നെഗറ്റീവ് ഫിലിം ശേഖരം ഡിജിറ്റൈസ് ചെയ്യുന്ന തിനുള്ള നടപടികളും പുരോഗമിക്കുകയാണെന്ന് സമിതിയിൽ വിശദീകരിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ നടപ്പു സാമ്പത്തികവർഷം തുക വകയിരുത്താത്തതിനാൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിയാതെ വന്നിരിക്കുകയാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷം 55 ലക്ഷം രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-800-75—കേരള പത്ര പ്രവർത്തക ആരോഗ്യസുരക്ഷാ പദ്ധതി

വിഹിതം : 20,00,000 രൂപ (നോൺ പ്ലാൻ)

110. സംസ്ഥാന പത്രപ്രവർത്തകക്ഷേമ പദ്ധതിയുടെ ഭാഗമായി പത്രപ്രവർത്തകരുടെ ആരോഗ്യ സംരക്ഷണം ഉദ്ദേശിച്ചിട്ടുള്ള ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം-1999

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ)

111. കേരള സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്ര പ്രവർത്തകർ ഒഴികെയുള്ള തസ്തികകളിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കുള്ള ക്ഷേമപദ്ധതിയാണിത്. 2011 ജൂലൈ വരെയുള്ള പെൻഷൻ മാത്രമാണ് ഇതുവരെ നൽകിയിട്ടുള്ളതെന്നും 2012 മാർച്ച് വരെ കുടിശ്ശിക 1.80 കോടി രൂപയോളം വരും എന്നും സമിതി മനസ്സിലാക്കുന്നു. കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും നടപ്പു സാമ്പത്തികവർഷത്തെ പെൻഷൻ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 225 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-800-89—പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതി

വിഹിതം : 12,00,000 രൂപ (നോൺ പ്ലാൻ)

112. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം-1993

വിഹിതം : 1,70,00,000 രൂപ (നോൺ പ്ലാൻ)

113. കേരള സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ വർക്കിങ് ജേർണലിസ്റ്റുകളായി സേവനമനുഷ്ഠിച്ചശേഷം ജോലിയിൽനിന്നും വിരമിക്കുന്നവരുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമം ലക്ഷ്യമാക്കിയാണ് ഈ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. നടപ്പു സാമ്പത്തികവർഷം അനുവദിച്ച തുകയ്ക്കു പുറമെ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-800-97—പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി സംഭാവന (അവശ പത്രപ്രവർത്തക പെൻഷൻ)

വിഹിതം : 26,24,000 രൂപ (നോൺ പ്ലാൻ)

114. അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് സർക്കാരിന്റെ വിഹിതം നൽകാനാണ് ഈ തുക വകകൊള്ളിച്ചിരിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിലേക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2220-60-800-98-35—കേരള പ്രസ് അക്കാദമി-ധനസഹായം-മൂലധനആസ്തികൾ

2220-60-800-98-36—കേരള പ്രസ് അക്കാദമി-ധനസഹായം-ശമ്പളേതരം

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

115. ചരിത്ര പ്രാധാന്യമുള്ള മാഗസിനുകളുടെ ഡിജിറ്റൈസേഷൻ, സൗഹാർദ്ദ പരിസ്ഥിതി ക്യാമ്പസ്, ഹെഡ്ക്വാർട്ടേഴ്സ് കെട്ടിടത്തിന്റെ വികസനം തുടങ്ങിയവയ്ക്കായി വിഷൻ 2025 എന്ന പദ്ധതിക്ക് കേരള പ്രസ് അക്കാദമി തുടക്കമിട്ടിട്ടുണ്ട്. ഇതിനായി ആദ്യഘട്ടത്തിൽ 2.78 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 178 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4220-60-101-61—മീഡിയ സിറ്റി

വിഹിതം : 10,00,000 രൂപ (പ്ലാൻ)

116. മീഡിയ സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മീഡിയ സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ഓഫീസ് പ്രവർത്തനങ്ങൾക്കും വിദേശത്ത് മൂന്ന് പേർക്ക് പഠന യാത്രയ്ക്കും ഈ തുക മതിയാകുകയില്ല എന്ന് സമിതി വിലയിരുത്തി. ആയതിനാൽ 90 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4220-60-101-62—ന്യൂഡൽഹിയിലെ കേരള പവലിയന്റെ മെച്ചപ്പെടുത്തൽ

വിഹിതം : 50,00,000 രൂപ (പ്ലാൻ)

117. ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിലെ കേരള പവലിയൻ മെച്ചപ്പെടുത്തുന്നതിനായി നടപ്പ് വർഷം 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ന്യൂഡൽഹിയിലെ പ്രത്യേക സാഹചര്യവും സാധന സാമഗ്രികളുടെ വിലയും പരിഗണിക്കുമ്പോൾ ഈ തുക തികച്ചും അപര്യാപ്ത മായതിനാൽ ഒരു കോടി രൂപ കൂടി ഈ പദ്ധതിക്കായി അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4220-60-101-63—ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണവും മീഡിയ സെന്ററുകളുടെ നിർമ്മാണവും

വിഹിതം : 2,60,00,000 രൂപ (പ്ലാൻ)

118. 2013-14 സാമ്പത്തിക വർഷത്തെ ഗവർണ്ണറുടെ നയപ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും തിരുവനന്തപുരത്തെ സ്റ്റേറ്റ് ഇൻഫർമേഷൻ സെന്ററിനെ സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബായി മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതിലേക്കായി പ്രത്യേക തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലകളിലെ ഇൻഫർമേഷൻ സെന്ററുകൾ ആധുനികവത്ക്കരിച്ച് പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുന്നതിനും സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് സജ്ജമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4220-60-800-98—കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ നിർമ്മാണം

വിഹിതം : 1,00,000 രൂപ (നോൺ പ്ലാൻ)

119. കോട്ടയത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ വികസനപ്രവർത്തനങ്ങൾക്കായി 50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളി ക്ഷേമവും

വോട്ട് ചെയ്തത് : 912,71,59,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2230-01-103-11—മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം

വിഹിതം : 2,97,00,000 രൂപ (പ്ലാൻ)

120. നിലവിലെ ജി.സി.സി. രാജ്യങ്ങളിലെ പ്രശ്നങ്ങൾ, സൗദിയിലെ നിതാഖത് നിയമം എന്നിവമൂലം കൂടുതൽ പ്രവാസികൾ മടങ്ങിയെത്തുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഇവരുടെ പുനരധിവാസത്തിനായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി 3,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

2230-01-103-38—തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

121. പ്രവാസികളുടെ യഥാർത്ഥ സ്ഥിതിവിവരക്കണക്കിന്റെ അഭാവം പല പ്രശ്നങ്ങളിലും ഇടപെടുന്നതിനും ക്ഷേമപദ്ധതികൾ രൂപീകരിക്കുന്നതിനും പലവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ മുഖേന പ്രവാസികളുടെ കണക്കെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാൽ ഈ ആവശ്യത്തിന് ഈ ശീർഷകത്തിൽ 29,99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-43—പ്രവാസി ക്ഷേമനിധി

വിഹിതം : 1,00,000 രൂപ (പ്ലാൻ)

122. അംഗങ്ങളുടെ അംശദായത്തിനാനുപാതികമായി സർക്കാർ വിഹിതം അടയ്ക്കുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ അധികമായി 99,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-54—പ്രവാസി മലയാളികളെകുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

123. പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡാറ്റാബേസ് തയ്യാറാക്കേണ്ടത് നിലവിലെ സാഹചര്യത്തിൽ അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-74—പ്രവാസി മലയാളികളെ അടിയന്തരമായി തിരിച്ചുകൊണ്ടുവരുവാനുള്ള നിധി

വിഹിതം : 17,00,000 രൂപ (പ്ലാൻ)

124. ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്ന തുക അനുവദിച്ചെങ്കിലും ജി.സി.സി. രാജ്യങ്ങളിലെ ഇപ്പോഴത്തെ സ്ഥിതിയും സൗദി അറേബ്യയിലെ നിതാഖത് നിയമം ശക്തിപ്പെടുത്തലിന്റെയും സാഹചര്യത്തിൽ കൂടുതൽ പ്രവാസി മലയാളികളെ തിരിച്ചെത്തിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 83,00,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ട് ചെയ്തത് : 1946,70,07,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2225-04-102-93—ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

125. ന്യൂനപക്ഷ വിഭാഗങ്ങളിൽ വലിയൊരു വിഭാഗം വസിക്കുന്നത് ജല ലഭ്യത കുറഞ്ഞ ഉയർന്ന പ്രദേശങ്ങളിലോ ശുദ്ധജലം ലഭ്യമല്ലാത്ത തീരപ്രദേശങ്ങളിലോ ആണ്. ആഗോള തലത്തിൽത്തന്നെ ജല ലഭ്യത കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ, സംസ്ഥാനത്തെ എല്ലാ ന്യൂനപക്ഷ ബ്ലോക്കുകളിലും പ്രദേശങ്ങളിലും കുഴൽക്കിണറുകൾ കുഴിക്കുകവഴിയോ നിലവിലുള്ള സംവിധാനത്തിന്റെ ദീർഘിപ്പിക്കൽ, പുതിയ ജലസംഭരണികൾ സ്ഥാപിക്കുക, ബൂസ്റ്റിംഗ് അപ് എന്നിവവഴി ഒരു പരിധിവരെയെങ്കിലും കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സാധിക്കും. ഇതിലേക്ക് പത്ത് കോടി രൂപയിലധികം വേണ്ടിവരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ അധികമായി 6,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-04-277-93—ന്യൂനപക്ഷവുമായി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണം ചെയ്യുവാൻ താല്പര്യപ്പെടുന്ന യോഗ്യരായ ഗവേഷകർക്കുള്ള ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.

വിഹിതം : 5,00,000 രൂപ (പ്ലാൻ)

126. ഈ ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 5,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-04-283-99—ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവനപദ്ധതി

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

127. വിവാഹമോചിതരും വിധവകളും ഉൾപ്പെടെയുള്ള കേരളത്തിലെ 1000 ന്യൂനപക്ഷ വനിതകൾക്കെങ്കിലും ഒരു വർഷം വീട് നൽകുന്നതിന് ഒരു വീടിന് രണ്ട് ലക്ഷം രൂപ എന്ന കണക്കിൽ 20 കോടി രൂപ കുറഞ്ഞത് ആവശ്യമായി വരും. ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ള മക്കളുള്ളവർ, പ്രായമായ പെൺമക്കൾ ഉള്ളവർ എന്നിവർക്ക് പദ്ധതിയിൽ പരിഗണന നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 15,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4225-04-190-99—കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷന് ഓഹരി മൂലധനം

വിഹിതം : 8,40,00,000 രൂപ

128. കോർപ്പറേഷന്റെ അടച്ചുതീർത്ത മൂലധനം 10 കോടി രൂപയായതിനാൽ 1.6 കോടി രൂപ അധികമായി വകയിരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1,60,00,000 രൂപ കൂടി അധികമായി ഈ ഇനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-80-190-95—കേരള സംസ്ഥാന മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷ (ക്ലിപ്തം) നുള്ള സഹായധനം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

129. 2013-14 സാമ്പത്തികവർഷം മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു:

| | | |
|---|---|---|
| 1. ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം | : | 5 കോടി രൂപ |
| 2. പബ്ലിക് അവയർനസ്സ് പ്രോഗ്രാം | : | 1 കോടി രൂപ |
| 3. ഡാറ്റാ ബാങ്ക് സർവ്വേ | : | 1 കോടി രൂപ |
| 4. മാര്യേജ് അസിസ്റ്റൻസ് | : | 1 കോടി രൂപ |
| 5. സ്കോളർഷിപ്പ് | : | 1 കോടി രൂപ |
| 6. മെഡിക്കൽ അസിസ്റ്റൻസ് | : | 1 കോടി രൂപ |

130. ആയതിനാൽ ആകെ 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4225-80-190-95—കേരള സംസ്ഥാന മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ ക്ലിപ്തം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

131. കോർപ്പറേഷന്റെ പ്രാരംഭ പ്രവർത്തനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി 2013-14 സാമ്പത്തിക വർഷത്തിൽ വകകൊള്ളിച്ചിരിക്കുന്ന 5 കോടി രൂപ അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ മൂലധന സഹായമായി 5 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഉമ്മൻ ചാണ്ടി,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2013 മേയ് 6.